# Deepika
# 12 August 2018
# Kochi, After Flood, Relief Camp



കാഞ്ഞൂർ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിലെ ക്യാമ്പ് അതിരൂപത സഹായമെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് സന്ദർശിക്കുന്നു.

## ക്യാമ്പിൽ സന്തോഷം സമ്മാനിക്കാൻ ടോവിനോ എത്തി



ചേരാനല്ലൂർ സെന്റ് മേരീസ് യുപി സ്ക്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവരുമായി സംസാരിക്കുന്ന ടോവിനോ തോമസ്. ഹൈബി ഈഡൻ എംഎൽഎ സമീപം

**കൊച്ചി:** ചേരാനല്ലൂർ സെന്റ് മേരീസ് യുപി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിലേക്ക് അപ്രതീക്ഷിതമായെത്തിയ അതിഥിയെ കണ്ട് ക്യാമ്പിൽ കഴിയുന്നവർ തെല്ലൊന്ന് അമ്പരന്നു. സിനിമയിൽ കണ്ടുമാത്രം പരിചിതനായ നടൻ ടോവിനോ തോമസിനെ നേരിൽ കണ്ടപ്പോൾ പ്രളയം വിതച്ച ദുരിതങ്ങൾ ഒരുവേള മറന്നു മനസു നിറഞ്ഞു അവർ സന്തോഷിച്ചു.

എംഎൽഎ ഹൈബി ഈഡന് ഒപ്പം എത്തിയ ടോവിനോ ക്യാമ്പിൽ കഴിയുന്ന ഓരോരുത്തരോടും വിശേഷങ്ങൾ ചോദിച്ചറിഞ്ഞ് അവർക്കൊപ്പം ഉച്ചഭക്ഷണവും കഴിച്ചു. മടങ്ങാൻ നേരം പ്രശ്നങ്ങൾ എത്രയും വേഗം മാറി സ്വന്തം വീടുകളിലേക്ക് മടങ്ങാൻ ദൈവത്തിനോട് പ്രാർഥിക്കാമെന്ന് ടോവിനോ ഉറപ്പ് നൽകി. രണ്ടുദിവസമായി ദുരിതത്തിന്റെ ഭാരവും പേറി കഴിഞ്ഞവർക്ക് ടോവിനോയുടെ സന്ദർശനം വലിയ ആശ്വാസവും സന്തോഷവുമായി.

ജനപ്രതിനിധികളും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരും സന്നദ്ധ സംഘടനകളുമായി കൈകോർത്ത് വെള്ളം ഇറങ്ങിയ വീടുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുമെന്ന് ഹൈബി ഈഡൻ എംഎൽഎ പറഞ്ഞു.